(ബി) മുൻ സർക്കാരിന്റെ കാലത്ത് എന്ത് തുകയാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ നൽകുന്ന തുക ഗൃഹനിർമ്മാണത്തിന് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് വർദ്ധനവ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഭവനരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭവനനിർമ്മാണ ധനസഹായമായി 3 ലക്ഷം രൂപ നൽകിവരുന്നു. 4 ഗഡുക്കളായാണ് പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നത്.

ഒന്നാം ഗഡു 15%	45,000 രൂപ
രണ്ടാം ഗഡു 30%	90,000 ,,
മൂന്നാം ഗഡു 40%	1,20,000 ,,
നാലാം ഗഡു 15%	45,000 ,,

ധനസഹായത്തിന്റെ ഒന്നാം ഗഡു അഡ്വാൻസായിട്ടാണ് വിതരണം ചെയ്യുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽവരുമ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു ലക്ഷം രൂപയാണ് ഭവനനിർമ്മാണ ധനസഹായമായി നൽകിയിരുന്നത്.

(സി) ഭവനനിർമ്മാണ ധനസഹായ തുക 2014 ഒക്ടോബറിലാണ് 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത്. ഈ തുകയിൽ വർദ്ധനവ് വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൊല്ലങ്കോട് ആണ്ടികൊളമ്പ് സ്വയം പര്യാപ്തഗ്രാമം

317 (983) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം പര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊല്ലങ്കോട് ആണ്ടികൊളമ്പ് കോളനിയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഈ പദ്ധതിയുടെ ഭാഗമായി ആണ്ടികൊളമ്പ് കോളനിയിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതിക്കാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് തുകയാണ് നിലവിൽ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കോളനി പ്രവർത്തനങ്ങൾ വിലയിരുത്തിക്കൊണ്ടുള്ള മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് 29-1-2015, 13-2-2015, 7-4-2015 എന്നീ തീയതികളിൽ നടന്നിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായുള്ള റോഡ് നിർമ്മാണം, സൈഡ് പ്രൊട്ടക്ഷൻ വാൾ (എസ്റ്റിമേറ്റ് നമ്പർ 9A, 5A) എന്നിവ ആരംഭിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഗുണഭോക്താക്കൾ വിട്ടുനൽകാത്തതിനാലും, മരങ്ങൾ മുറിച്ചു നീക്കി നൽകാത്തതിനാലും • 24-2-2015 മുതൽ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) ഉണ്ട്. ഒന്നാംഗഡു തുകയായ 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഓട്ടോമൊബൈൽ രംഗത്ത് തൊഴിൽ തേടുന്നവർക്ക് പ്രൊഫഷണൽ പരിശീലനം

318 (984) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗവികസന വകുപ്പ് വഴി പ്രസ്തുത വിഭാഗത്തിൽ ഓട്ടോ മൊബൈൽ രംഗത്ത് തൊഴിൽ തേടുന്നവർക്ക് പ്രൊഫഷണൽ പരിശീലനം നൽകുന്നതിനുള്ള സാമ്പത്തിക സഹായമായി 2013-14-ലെ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക വകയിരുത്തിയിരുന്നു ;

(ബി) ഇതിൽ എത്ര തുക വീതം എത്ര പേർക്ക് നൽകുകയുണ്ടായി ;

(സി) 2014-15-ലെ ബഡ്ജറ്റ് വിഹിതവും ചെലവായ തുകയും എത്രയാണ് ;

(ഡി) നിലവിൽ ബഡ്ജറ്റ് വിഹിതമായി എത്ര രൂപയാണ് നീക്കിവച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly